പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 197 **27-10-2026-ൽ മറുപടിയ്ക്ക്**

ഔട്ടർ റിംഗ് റോഡ് കേന്ദ്രങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഫാത്തിമ തഹിലിയ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. ടി. പി. അഷ്റഫലി

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) വിഴിഞ്ഞം ഔട്ടർ റിങ് റോഡുപണി പൂർത്തിയാകുന്നതോടെ പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ഉറമുഖാധിഷ്ഠിതമായ ആവാസ വ്യവസ്ഥ ഒരുക്കാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) ഇതിനായി പൊതുമേഖലാസ്ഥാപനങ്ങളുടെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയോഗിക്കാൻ ആലോചിക്കുന്നുണ്ടോ; ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളായ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ കൈവശം അധികമായുള്ള ഭൂമിയിൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ സ്ഥലത്ത് എംപ്റ്റി കണ്ടെയ്നർ യാർഡും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഈ കേന്ദ്രങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

മറുപടി: വിഴിഞ്ഞം ഉറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായി വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിങ് റോഡിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയ ശേഷം തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിന് അനുസൃതമായി മാത്രമേ ഏതൊക്കെ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുമെന്നതിൽ തീരുമാനം എടുക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ